പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*102 | 03/12/2018-ൽ മറുപടിയ്ക്ക്

## മികവിന്റെ കേന്ദ്രങ്ങളായി മാറിയ പൊതുവിദ്യാലയങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ജോർജ്ജ്.എം.തോമസ്<br>ശ്രീ.ആന്റണി ജോൺ | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി മികവിന്റെ കേന്ദ്രങ്ങളായി മാറിയ പൊതുവിദ്യാലയങ്ങളിൽ പുതിയ അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് വിശദമാക്കുമോ ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി മികവിന്റെ കേന്ദ്രങ്ങളായി മാറിയ പൊതുവിദ്യാലയങ്ങളിൽ 2018-19 അദ്ധ്യയന വർഷം ആറാം പ്രവൃത്തി ദിനത്തിലെ കണക്കുകൾ പ്രകാരം 1 മുതൽ 10 വരെ ക്ലാസ്സുകളിലായി ആകെ 37,03,818 കുട്ടികളാണുള്ളത്. മുൻ വർഷത്തെ കുട്ടികളുടെ എണ്ണത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസ്സിൽ സർക്കാർ മേഖലയിൽ 5,784 കുട്ടികളും എയ്ഡഡ് മേഖലയിൽ 4,294 കുട്ടികളും ഉൾപ്പെടെ 10,078 കുട്ടികളും, 2 മുതൽ 9 വരെ ക്ലാസുകളിൽ 1,75,893 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്. അങ്ങനെ 2018-19 അദ്ധ്യയന വർഷത്തിൽ ആകെ 1,85,971 കുട്ടികളുടെ വർദ്ധനയാണ് മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ളത്. |
| (ബി) എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കിയതു പോലെ സംസ്ഥാനത്തെ പ്രൈമറി | (ബി) | സംസ്ഥാനത്തെ പ്രൈമറി വിഭാഗം വിദ്യാലയങ്ങളും ഹൈടെക് ആക്കുന്നതിനുള്ള വിശദമായ പദ്ധതിയ്ക്ക് സർക്കാർ ഇതിനകം |

| | | | |
|---|---|---|---|
| | വിദ്യാലയങ്ങളും ഹൈടെക് ആക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | | ഭരണാനുമതി നൽകി കഴിഞ്ഞു. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള ഡി.പി.ആർ. തയ്യാറാക്കിയി ട്ടുണ്ടോ; എത്ര സ്കൂളുകളെയാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ; | (സി) | ഉണ്ട്. 9,941 സ്കൂളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) | 'കൈറ്റ്' ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സെക്കന്ററി, ഹയർ സെക്കന്ററി, സ്കൂളുകളിലും ഹൈടെക് പദ്ധതി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രൈമറി വിഭാഗം സ്കൂളുകളിലേയ്ക്കും പദ്ധതി നടപ്പിലാക്കുന്നതിന് കൈറ്റ് സർക്കാരിന് സമർപ്പിച്ച പദ്ധതി രൂപരേഖയ്ക്ക് സർക്കാർ ഭരണാനുമതി നൽകി കഴിഞ്ഞു. പ്രസ്തുത ഡി.പി.ആർ (Detailed Project Report) 'കൈറ്റ്' അന്തിമ അനുമതിയ്ക്കായി കിഫ്ബിയ്ക്കും സമർപ്പിച്ചിട്ടുണ്ട്. |

Namitha

സെക്ഷൻ ഓഫീസർ